LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേരി-മംഗലശ്ശേരി ബൈപ്പാസ് നിർമ്മാണം

57(2413) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ബൈപ്പാസിനെ മംഗലശ്ശേരി റോഡുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തിക്ക് മൂന്ന് കോടി രൂപ അനുവദിച്ചിരുന്നോയെന്ന് അറിയിക്കുമോ;

&

(ബി) ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ്; പ്രവൃത്തി ഉടൻ ആരംഭിക്കാൻ കഴിയുമോ എന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്കായി 2019-20 ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ 20% തുക വകയിരുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തി പുതിയ റോഡ് നിർമ്മാണ മായതിനാൽ ആയതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും അലൈൻമെന്റ് ചീഫ് എഞ്ചിനീയർ അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി മുഴുവൻ ഫ്രീ സറണ്ടറായി ലഭിക്കേണ്ടതിന് ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും നേതൃത്വത്തിൽ അതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ടെങ്കിലും ചില ഭൂവുടമകൾ റോഡ് റീലിൻക്വിഷ്മെന്റ് ഫോമുകൾ ഒപ്പിട്ട് നൽകാത്തതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത തടസ്സങ്ങൾ മാറി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമെ പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ കഴിയുകയുള്ളൂ.

നൃക്കട്ട് പാലം നിർമ്മാണം

58(2414) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച നൃക്കട്ട് പാലം നിർമ്മാണ പ്രവൃത്തി അടിയന്തരമായി തുടങ്ങുന്നതിനും സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ?

നൃക്കട്ട് പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയ ജലപാത അതോറിറ്റിയുടെ അനുമതിക്ക് സമർപ്പിച്ചപ്പോൾ രൂപകൽപ്പനയിൽ മാറ്റം നിർദ്ദേശിച്ചിരുന്നു. ദേശീയജലപാതയിൽ ഉൾപ്പെട്ട പാലമായതിനാൽ ദേശീയജലപാത അതോറിറ്റിയുടെ അനുമതി ആവശ്യമാണ്. പുതുക്കിയ ഡിസൈൻ ആഗസ്റ്റ് ആദ്യവാരത്തോടെ തയ്യാറാക്കി അതോറിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.